കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
(e-mail:doklm.ksad@kerala.gov.in)

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ് എ. കെ എൽ എം-ഡി ബി .683/17

കേരള സംസ്ഥാന ഓഡിറ്റ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി 11/05/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2 ഖണ്ഡികകളി ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരംധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം കെ എസ് എ . കെ എൽ എം.ഡി ബി.683/2017 തീയതി 11/05/2017

## കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18-9-2014 മുതൽ 10-3-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. എ. എസ്. മിനി | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-3-2017 മുതൽ 20-3-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എ. ശശിജോഷ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.ഗോപകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |
| | ശ്രീമതി.കെ.വിഷ്ണുപ്രിയ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആശാശശിധരൻ | 1.4.14 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.15 മുതൽ 18.11.15 വരെ |
| | ശ്രീ.എസ് സജീഷ് | 19.11.15 മുതൽ31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി . സൗമ്യാ ഗോപാലകൃഷ്ണൻ | 1.4.14 മുതൽ 16.02.16വരെ |
| | ശ്രീ.കെ.ഇ.വിനോദ്കുമാർ | 17.02.16 മുതൽ31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | ശ്രീ.പ്രിയലാൽ | 1.4.14 മുതൽ 31.05.14 വരെ |
| | ശ്രീമതി. എ ബീന | 01.06.14മുതൽ12.12.14വരെ |
| | ശ്രീ. ബിജു വിശ്വം | 13.12.14 മുതൽ 31.03.16 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. സുരേഖ നായർ | 01.04.14 മുതൽ 31.03.16 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി.അലിനി.എ.ആന്റണി | 01.04.14 മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. വി .സജീവ് | 01.04.14 മുതൽ 31.03.16 വരെ |
| സി ഡി പി ഒ | ശ്രീമതി. പ്രസന്ന കുമാരി അമ്മ | 01.04.14മുതൽ28.02.16വരെ |
| | ശ്രീമതി.നിഷാ നായർ | 01.03.16 മുതൽ09.03.16വരെ |
| | ശ്രീമതി.അല്ലി. എസ് | 10.03.16 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ ആയൂർവേദം | ഡോ. ജി ആർ അജയകുമാർ | 01.04.14മുതൽ31.05.15വരെ |
| | ഡോ. ധന്യ .ആർ .ദേവ് | 01.06.15മുതൽ15.07.15വരെ |
| | ഡോ.എ. അഭിലാഷ് | 16.07.15മുതൽ17.02.16വരെ |
| | ഡോ.കെ. ഫസലുദ്ദീൻ | 18.02.16മുതൽ31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ ഉഷാ .കെ .ഷാനി | 01.04.14മുതൽ16.09.15വരെ |
| | ഡോ.ബിന്ദു | 17.09.15മുതൽ22.09.15വരെ |
| | ഡോ. ഉമ്മൻ .വി .രാജ് | 23.09.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ, സിഎച്ച് സി, പത്തനാപുരം | ഡോ. പത്മ കേസരി | 01.04.14മുതൽ04.04.14വരെ |
| | ഡോ.വൃന്ദ. കെ .എസ്. | 05.04.14മുതൽ30.04.15വരെ |
| | ഡോ .അരുൺ രവി | 01.05.15മുതൽ15.05.15വരെ |

| | | |
|---|---|---|
| | ഡോ.വൃന്ദ.കെ .എസ്. | 16.05.15മുതൽ31.07.15വരെ |
| | ഡോ.വിജിത്ത് വിജയ ശങ്കർ | 01.08.15മുതൽ09.11.15വരെ |
| | ഡോ.വൃന്ദ.കെ.എസ് | 10.11.15മുതൽ31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-1 |
| 13 | കരാർ വയ്ക്കാതെ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നു. | 2-2 |
| 14 | വാടകരജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 |
| 15 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല | 2-4 |
| | ഭാഗം 3 | |
| 16 | ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന് ഗുണഭോക്തൃസമിതിക്ക് അധികം തുക നല്കി | 3-1 |
| 17 | ജവഹർ കോളനി സംരക്ഷണ പാർശ്വ ഭിത്തി നിർമ്മാണം അപാകതകൾ 27236 രൂപ നിരാകരിക്കുന്നു. | 3-2 |
| 18 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ അംഗീകരിച്ച എസ്റ്റിമേറ്റ് പരിഷ്കരിച്ച് | 3-3 |

| | | |
|---|---|---|
| | കനം കൂട്ടി നിർവ്വഹണം നടത്തിയതു സംബന്ധിച്ച് അന്വേഷണം ശുപാർശ ചെയ്യുന്നു | |
| 19 | പുളിമൂട് സ്വാമിനഗർ റോഡ് ടാറിംഗ്, നിർവ്വഹണത്തിൽ ഗുരുതരമായ പിഴവുകൾ | 3-4 |
| 20 | മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ആനുകൂല്യങ്ങൾ നൽകി. | 3-5 |
| 21 | മരുന്ന് ലഭ്യമാക്കിയില്ല- 102207/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 22 | എസ് സി വിദ്യാർത്ഥികൾക്ക് വാങ്ങിയ ഫർണിച്ചർ പൂർണമായും വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു | 3-7 |
| 23 | പശുവളർത്തൽ -ഗ്രൂപ്പുകൾക്ക് -പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 3-8 |
| 24 | താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല,27,941/ രൂപയുടെ നഷ്ടം | 3-9 |
| 25 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല 16,244 രൂപ ഈടാക്കണം | 3-10 |
| 26 | ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല ബിനാമി ഇടപാടുകൾക്ക് കൂട്ടുനില്ക്കുന്നു | 3-11 |
| 27 | വാഴമല -അഞ്ചുമല റോഡ് മെറ്റലിംഗ് ടാറിംഗ്, ഉപയോഗിക്കാത്ത ബിറ്റുമിന്റെ വിലയായി ഗുണഭോക്തൃ സമിതിക്ക് നല്കിയിട്ടുള്ള 3834 രൂപ നിരാകരിക്കുന്നു. | 3-12 |
| 28 | വാഹനം റിപ്പയർ ചെയ്തതിന്റെ രേഖകൾ ഇല്ല-16805 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-13 |
| 29 | ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ വിതരണം-പദ്ധതിയിൽ അപാകത | 3-14 |
| 30 | സംയുക്ത പ്രോജക്റ്റ്- നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-15 |
| 31 | ചെലവുരേഖകൾ ഇല്ല- 1,384/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-16 |
| 32 | നിർവഹണ ഉദ്യോഗസ്ഥയുടെ പേരിൽ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. | 3-17 |
| 33 | ലാപ്പ്ടോപ്പ് കൈമാറി നൽകിയില്ല | 3-18 |
| 34 | കൈമാറി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ഇല്ല , വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല | 3-19 |
| 35 | ചെറുകിട വ്യവസായ സംരംഭങ്ങൾ- ലക്ഷങ്ങളുടെ പദ്ധതികൾ കടലാസിൽ ഒതുങ്ങി. | 3-20 |

| | | |
|---|---|---|
| 36 | ഐ എ വൈ ഭവന പദ്ധതി- അക്കൌണ്ടിൽ കോടികൾ ശേഷിക്കുന്നു | 3-21 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 46 | സാക്ഷ്യപത്രം-2014-15 | 4-10 |
| 47 | സാക്ഷ്യപത്രം-2015-16 | 4-11 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 22-2-2014 തീയതിയിലെയും ,2015-16 വർഷത്തെ ബജറ്റ് 27-3-2015 തീയതിയിലെയും 1 -ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31-7-15 | 4-5-15 | തിരിച്ചയച്ചില്ല | - |
| 2015-16 | 31-7-16 | 29-7-16 | തിരിച്ചയച്ചില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 17-3-16 | കെ.എസ്.എ കെ.എൽ.എം-ഡി ബി-2088/2015/9-12-15 |
| 2015-16 | 17-3-16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

2014-15 വർഷത്തെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

1.കാനറ ബാങ്കിലെ own fund അക്കൗണ്ടിൽ മുൻബാക്കി 1681657/- രൂപയാണ്. തൻവർഷം വരവില്ല.പലിശയിനത്തിൽ ലഭിച്ച 67939/- രൂപ RP31ൽ ICDS ന്റെ വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.

2.27.3.2014 ൽ ക്ലോസ് ചെയ്ത ഇന്ത്യൻ ബാങ്ക് (SGRY) അക്കൗണ്ട് 2014-15 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. കാനറ ബാങ്ക് സാക്ഷരതാ അക്കൗണ്ടിന്റെ ക്ളോസിംഗ് ബാലൻസ് AFS ഉം ബാങ്ക് ബുക്കുമായി 70000/- രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

4.ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ,എസ് സി പി അക്കൗണ്ടുകളിൽ സാംഖ്യ ,ട്രഷറി എന്നിവ തമ്മിൽ 214136/- രൂപയുടെ വ്യത്യാസം കാണുന്നു.

5.IWMP ഇനത്തിലെ വരവ് ചെലവുകൾ പരിശോധിക്കാനവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

6.NREGS വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2015-16

1.തനത്ഫണ്ട് പലിശ വരവ് 70683/-രൂപ RP9 ൽ ഉൾപ്പെടുത്തേണ്ടതിനു പകരം RP31 ൽ കേന്ദ്രാവിഷ്കൃത പദ്ധതി ICDS ന്റെ വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.

2.Central bank IAY ക്ളോസിംഗ് ബാലൻസ് ബാങ്ക് ബുക്കിൽ 89918098/-ആണ്.AFS ൽ 85326598/-ആണ്.

3.ഇന്ത്യൻ ബാങ്ക് TSC ഓപ്പണിംഗ് ബാലൻസ് ബാങ്ക് ബുക്കിൽ 4350989/-ആണ്.AFS ൽ 4330189/-ആണ് OB.ക്ളോസിംഗ് ബാലൻസ് ബാങ്ക് ബുക്കിൽ 4388049/- ആണ്.AFS ൽ 4408849/-ആണ്.

4.ഇന്ത്യൻ ബാങ്ക് A/C no. 6124672129 Western ghat Dvpt progr പാസ്ബുക്ക് പ്രകാരം OB 54941/- ,CB 57161/- . എന്നാൽ ടി അക്കൗണ്ട് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

5.SBT PYKA ക്ളോസിംഗ് ബാലൻസ് പാസ് ബുക്കിൽ 99661/-ആണ്.AFS ൽ 91061/-ആണ്.

6. ഇന്ത്യൻ ബാങ്ക് SGRY ജില്ലാപഞ്ചായത്ത് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്ളോസിംഗ് ബാലൻസ് 77360/-ആണ്.എന്നാൽ 74399/- ആണ് AFS ൽ.പലിശ ഉൾപ്പെടുത്തിയിട്ടില്ല.

7.NREGS വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.കാനറ ബാങ്ക് സാക്ഷരതാ അക്കൗണ്ടിന്റെ ഓപ്പണിംഗ് ബാലൻസ് AFS ൽ 665571/- പാസ് ബുക്കിൽ 735571/-ആണ്.

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 55808205 |
| വരവ് | 119718695 |
| ആകെ | 175526900 |
| ചെലവ് | 112618602 |
| നീക്കിയിരിപ്പ് | 62908298 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 62908298 |
| വരവ് | 188181312 |
| ആകെ | 251089610 |
| ചെലവ് | 141295980 |
| നീക്കിയിരിപ്പ് | 109793630 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4032154 | 31135000 | 35167154 | 24614625 | 10552529 | 70 |
| വികസനഫണ്ട് എസ്.സി.പി. | 726048 | 13711000 | 14437048 | 12286306 | 2150742 | 85.1 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 189000 | 189000 | 189000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 100000 | 4450212 | 5450212 | 4586805 | 863407 | 84.15 |
| എം.എൻ.ആർ.ഇ.ജി.എസ്. | 104503 | 6370933 | 6475436 | 6361269 | 114167 | 98.21 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10552529 | 22159472 | 32712001 | 32712001 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2150742 | 11812097 | 13962839 | 13962839 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 64000 | 64000 | 64000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 863407 | 4052175 | 4915582 | 4915582 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 114167 | 383098 | 497265 | 494541 | 2724 | 99.45 |

## 1-6 പദ്ധതി അവലോകനം.

2014-15

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 54883125 | 59 | 41987736 | 1 | 27 | 67.5% |

2015-16

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 63951344 | 91 | 51652218 | - | 23 | 79.80% |

## 1-7 തനത് വരുമാനം

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | | 32652 | | |
| മറ്റുവരവുകൾ | | 2839027 | | |
| ആകെ | | 2871679 | | |

മുൻവർഷ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ വ്യത്യാസം എത്രയെന്ന് വ്യക്തമല്ല.

2015-16

മുൻവർഷത്തേക്കാൾ ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34.28% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 32652 | 45329 | 12677 | |
| മറ്റുവരവുകൾ | 2839027 | 3810670 | 971643 | |
| ആകെ | 2871679 | 3855999 | 984320 | 34.28 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-3-17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ ക്യാഷ് ബാലൻസില്ലയെന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകളുടെ പരിപാലനം സംബന്ധിച്ച്

സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ കൃത്യമായ മോണിറ്ററിംഗ് നടന്നുവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | തിയതി രേഖപ്പെടുത്തിയിട്ടില്ല | 2015-16 | 30-11-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യ മാക്കിയിട്ടില്ല | - | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽൽ 37 പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിൽ 1,32,070 /രൂപാ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇപ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്.

ടെണ്ടർ ഫാറവില വാറ്റ് എന്നീ ഇനങ്ങളിലായി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരിക്കുന്ന 1,32,070/രൂപാ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിലെയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതിൽ വാറ്റ് ഇനത്തിൽ വരവുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 2-2 കരാർ വയ്ക്കാതെ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നു.

ക്ഷീര സംഘത്തിന് വേണ്ടി ബ്ളോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ക്ഷീര സംഘവുമായി കരാർ വച്ചിട്ടില്ല . 1000രൂപ നിരക്കിലാണ് കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് ക്ഷീര സംഘവുമായി വച്ചിരിക്കുന്ന എഗ്രിമെന്റ് ഓഡിറ്റ് എൻക്വയറി നം.8 (18.03.2017) ലൂടെ ആവശ്യപ്പെട്ടുവെങ്കിലും എഗ്രിമെന്റ് വച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. സർക്കുലർ നമ്പർ 28758/ഡി.ബി2/10/ത.സ്വ.ഭ.വ/15.10.2010 പ്രകാരം പഞ്ചായത്തുകളുടെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച കരാറുകൾ കേരള സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ

എൻട്രി5(ഡി) പ്രകാരം 100 മൂല്യമുള്ള മുദ്രപത്രത്തിൽ ചമയ്ക്കേണ്ടതാണ്. ആയതിനാൽ ഡെപ്പോസിറ്റ് തുക വാങ്ങി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടകരജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയ രണ്ട് കടമുറികൾ മാങ്കോട് ക്ഷീര സംഘത്തിനും പത്തനാപുരം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഉള്ള രണ്ട് കടമുറികൾ IRDP വിപണനകേന്ദ്രത്തിനും 2014-15,2015-16 കാലയളവിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ വർഷവും വാടക കൂട്ടി വാങ്ങുന്നതിനുള്ള കമ്മിറ്റി തീരുമാനവും എടുത്തിട്ടില്ല. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ വാടക രജിസ്റ്റർ സൂക്ഷിക്കുകയും നിയമാനുസൃത നടപടികൾ കൈക്കൊണ്ട് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 2-4 ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

സർക്കാർ നിർദേശമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന BPFA 1 അക്കൗണ്ട് ക്ലോസ്സ് ചെയ്യുകയും തനതുഫണ്ട് സൂക്ഷിക്കാൻ 15.06.2015 ൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 3 ന്റെ ഓപ്പണിംഗ് ബാലൻസ് 3579754 രൂപയാണ്. 31.03.2015 ലെ BPFA 1 അക്കൗണ്ടിന്റെ ക്ലോസിംഗ് ബാലൻസ് 3998379 രൂപയാണ്. 01.04.2015 മുതൽ 15.06.2015 വരെയുള്ള BPFA 1 അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ്എൻക്വയറി14(20.03.2017)ലൂടെ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമായില്ല. സ്റ്റേറ്റ്മെന്റ് കണ്ടെത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന് ഗുണഭോക്തൃസമിതിക്ക് അധികം തുക നല്കി

ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ഡി എസ് ആർ 2014 പ്രകാരമുള്ള ബിറ്റുമിൻ നിരക്കുപ്രകാരം അനുവദിച്ചിട്ടുള്ള തുകയും , ടി പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന് ഗുണഭോക്തൃസമിതിക്ക് അവർ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരം ചെലവഴിക്കേണ്ടിവന്നിട്ടുള്ള യഥർത്ഥ തുകയും തമ്മിലുള്ള വ്യത്യാസം കുറവുചെയ്യാതെ അന്തിമ ബില്ല് നല്കിയതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം തുക അധികം ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

1)പ്രവൃത്തിയുടെ പേര്-എട്ടിക്കുട്ടം ഗുരുമന്ദിരം റോഡ് ടാറിംഗ് (124 /16)

അടങ്കൽ തുക-500000/- രൂപ (സംരക്ഷണ ഗ്രാന്റ് ,റോഡ്)

കരാർ – 43/AEE/LSGD/15-16/ തീ 03-10-2015

ഗുണഭോക്തൃസമിതി കൺവീനർ - ശ്രീ.രവീന്ദ്രൻ,വാലുതുണ്ടിൽവീട്, കുണ്ടയം

അളവു പുസ്തകം -42 /15-16

ബിൽ തുക-497093/- രൂപ

ബിൽ നമ്പർ /തീയതി-62/ 15-16/ തീ.17-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് 3559.6 കി ഗ്രാം ആണ്. ഇതിനായി ഡി എസ് എർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (44086.95x1.419=62559/ടൺ, 62.56/ കി ഗ്രാം) 3559.6x62.56=222683/- രൂപ

എന്നാൽ സിഡ്കോയുടെ 21-02-2016 ലെ 14699 നമ്പർ ഇൻവോയിസ് പ്രകാരം 22 ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 109020/- രൂപ , നിരക്ക്30.63/- രൂപ

നിരക്കിലെ വ്യത്യാസം-62.56-30.63 = 31.93/- രൂപ

അധികം നല്കിയ തുക-31.93x3559.6=113658/- രൂപ

2)പ്രവൃത്തിയുടെ പേര്- കുളപ്പ റം റോഡ് റീ ടാറിംഗ് കോൺക്രീറ്റിംഗ് (124 /16)

അടങ്കൽ തുക-500000/- രൂപ (സംരക്ഷണ ഗ്രാന്റ് ,റോഡ്)

കരാർ – 40/AEE/LSGD/15-16/ തീ 29-09-2015

ഗുണഭോക്തൃസമിതി കൺവീനർ - ശ്രീ.രാജീവൻ

അളവു പുസ്തകം -38 /15-16

ബിൽ തുക-500000/- രൂപ

ബിൽ നമ്പർ /തീയതി-61/ 15-16/ തീ.17-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് 1648 കി ഗ്രാം ആണ്. ഇതിനായി ഡി എസ് എർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (44086.95x1.419=62559/ടൺ, 62.56/ കി ഗ്രാം) 1648x62.56=103099/- രൂപ

എന്നാൽ സിഡ്കോയുടെ 31-01-2016 ലെ 13286 നമ്പർ ഇൻവോയിസ് പ്രകാരം 10ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 54391/- രൂപ , നിരക്ക്33.62/- രൂപ

നിരക്കിലെ വ്യത്യാസം-62.56-33.62 = 28.94/- രൂപ

അധികം നല്കിയ തുക-28.94x1648=47693/- രൂപ

ടി വിഷയം സംബന്ധിച്ച് 18-03-2017 ൽ ഒൻപതാം നമ്പർ ആയി ഓഡിറ്റ് അന്വേഷണം

നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ ചേർത്തിട്ടുള്ള 2 പ്രവൃത്തികളിലായി ആകെ അധികം നല്കിയിട്ടുള്ള തുക (113658+47693) 1,61,351/- രൂപ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-2 ജവഹർ കോളനി സംരക്ഷണ പാർശ്വ ഭിത്തി നിർമ്മാണം അപാകതകൾ 27236 രൂപ നിരാകരിക്കുന്നു.

പ്രവൃത്തിയുടെ പേര് -ജവഹർ കോളനി സംരക്ഷണ പാർശ്വ ഭിത്തി നിർമ്മാണം

അടങ്കൽ തുക-500000/- രൂപ,

ഗുണഭോക്തൃ സമിതി കൺവീനർ- ശ്രീ. സി മുരളീധരൻ

കരാർ നം , തീയതി- 40/AEE/LSGD/14-15,07-11-2015
അളവു പുസ്തകം-38 / 14-15

ബിൽ തുക-499705/-

ബിൽ നം തീയതി -9 /15-16 തീ 24-08-2015

ടി പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇനം 5,6 ആയി ആർ സി സി പ്രവൃത്തികളും (Reinforced cement concrete ) ഇനം 7 ആയി ഇതിനാവശ്യമായ സ്റ്റീൽ കമ്പിയും ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയിൽ നിന്നും ആർ സി സി പ്രവൃത്തികൾ ഒഴിവാക്കുകയും ചെയ്തു. എന്നാൽ ആർ സി സി പ്രവൃത്തികൾ ചെയ്യാതെ പരിഷ്കരിച്ച എസ്റ്റിമേറ്റിൽ ഇനം 7 ആയി ആർ സി സി പ്രവൃത്തികൾക്കാവശ്യമായ സ്റ്റീൽ കമ്പി ഉൾപ്പെടുത്തുകയും ഇതിൻപ്രകാരം ആർ സി സി പ്രവൃത്തികൾക്ക് 429.66 കിലോസ്റ്റീൽ കമ്പി ഉപയോഗിച്ചതിന് ക്വിന്റലിന് 6339 രൂപാ പ്രകാരം 27236 രൂപ നല്കുകയും ചെയ്തിരിക്കുന്നു.ടി വിഷയം സംബന്ധിച്ച് 18-03-2017 ൽ (നമ്പർ-9) നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇപ്രകാരം ചെയ്യാത്ത ആർ സി സി പ്രവൃത്തികൾക്കായി സ്റ്റീൽ കമ്പി ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല.അതിനാൽ 429.66 കിലോസ്റ്റീൽ കമ്പി യുടെ വിലയായി നല്കിയിരിക്കുന്ന 27,236 /രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - അംഗീകരിച്ച എസ്റ്റിമേറ്റ് പരിഷ്കരിച്ച് കനം കൂട്ടി നിർവ്വഹണം നടത്തിയതു സംബന്ധിച്ച് അന്വേഷണം ശുപാർശ ചെയ്യുന്നു

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. 2014-15 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണ സാങ്കേതിക അനുമതി ലഭിച്ച 13 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പദ്ധതി പ്രദേശങ്ങളിൽ വാഹന ഗതാഗതം കൂടുതലുള്ള സ്ഥലം ആണെന്നും, ചെളിമൂടുന്ന സ്ഥലവും വെള്ളം ഒഴുകുന്ന സ്ഥലവുമാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് 23-12-2014 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 6 പ്രകാരം അടങ്കൽ തുകയിൽ വ്യത്യാസം വരുത്താതെ എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് അസി .എക്സി. എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിനെത്തുടർന്ന് 13 റോഡ് കോൺക്രീറ്റ് പ്രവൃത്തികളും 05 സെ മീ. കനത്തിൽ ചെയ്യാൻ സാങ്കേതിക അനുമതി നല്കിയ 20 എം എം ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ചുള്ള 1 :2: 4 കോൺക്രീറ്റ് പ്രവൃത്തികൾ 7.5സെ.മീ കനത്തിലാക്കി, പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തി. ഇതുമൂലം പ്രവൃത്തികളുടെ നിർവ്വഹണം കുറഞ്ഞ നീളത്തിൽ മാത്രമാണ് നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കിയിരിക്കുന്ന ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെയാണ് പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുള്ളതും. പ്രവൃത്തികളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 80/15 | ഈട്ടിവിളപ്പടി തട്ടയ്ക്കാമൺ റോഡ് |
| 2 | 50/15 | പൂവണ്ണംമൂട് ചീവോട് റോഡ് കോൺക്രീറ്റിംഗ് |
| 3 | 93/15 | പുളിന്താനം മങ്ങാരക്കടവ് റോഡ് കോൺക്രീറ്റിംഗ് |
| 4 | 54/15 | കാഞ്ഞിരംവിള തടത്തിൽ ഭാഗം റോഡ് കോൺക്രീറ്റിംഗ് |
| 5 | 47/15 | മൈലാടും കുഴി വട്ടത്ത് റോഡ് കോൺക്രീറ്റിംഗ് |
| 6 | 75/15 | അന്നൂര് നെല്ലിപ്പടി റോഡ് കോൺക്രീറ്റിംഗ് |
| 7 | 63/15 | പാലമുക്ക് നെല്ലിവിള റോഡ് കോൺക്രീറ്റിംഗ് |
| 8 | 39/15 | മാങ്കോട് എൽ പി എസ് ഓലിയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് |
| 9 | 59/15 | മണിമംഗലം മൈലാടുംപാറ റോഡ് കോൺക്രീറ്റിംഗ് |

| | | |
|---|---|---|
| 10 | 77/15 | ക്ലാവോട് കനാൽ റോഡ് |
| 11 | 51/15 | നിരപ്പ് വിള റോഡ് കോൺക്രീറ്റിംഗ് |
| 12 | 82/15 | സന്യാസിക്കോൺ കമ്പിലെയിൻ റോഡ് കോൺക്രീറ്റിംഗ് |
| 13 | 94/15 | തെക്ക് വിളക്കടവ് റോഡ് |

ഏതാനും പ്രവൃത്തികളിൽ പരിഷ്കരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യത്യാസം വരുത്തിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. (വീതി കൂട്ടിയും നീളം കുറച്ചും).2016-17 ലെ എല്ലാ മരാമത്ത് പ്രവൃത്തികളിലും 20 എം എം ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ചുള്ള 1 :2: 4 കോൺക്രീറ്റ് പ്രവൃത്തികൾ 5സെ.മീ കനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇതിൽ നിന്നും 5 സെ മീ കനം മാത്രമേ wearing coat പ്രവൃത്തിക്ക് ആവശ്യമുള്ളൂ എന്ന് വ്യക്തമാണ്. ഇത്തരത്തിലുള്ള ദുരുപയോഗം തടയുന്നതിനാണ് 20 എം എം ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ചുള്ള 1 :2: 4 കോൺക്രീറ്റ് പ്രവൃത്തികളുടെ(wearing coat) കനം 5സെ.മീ ആയി നിജപ്പെടുത്തിയിട്ടുള്ളത്. ആദ്യ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ച് 2.5 സെമീ. കനം കൂട്ടി റോഡുകളുടെ നീളം കുറച്ച് നിർവ്വഹണം നടത്തിയതിലൂടെ നിശ്ചിത പ്രദേശത്തേയ്ക്ക് കോൺക്രീറ്റ് റോഡ് എന്നുള്ളത് ഭാഗികമായി മാത്രമേ നിർവ്വഹണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ.

1. സ്ഥലപരിശോധന നടത്തി തയ്യാറാക്കി, സാങ്കേതികാനുമതി നല്കിയിട്ടുള്ള എസ്റ്റിമേറ്റിൽ നിന്നും, വ്യത്യസ്തമായി കോൺക്രീറ്റിന്റെ കനം കൂട്ടി മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് തികച്ചും ദുരൂഹമാണ്. ആയതിനാൽ ടി 13 പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് വിജിലൻസ് ഉൾപ്പെടെയുള്ള സംവിധാനം ഉപയോഗിച്ചുള്ള അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 പുളിമൂട് സ്വാമിനഗർ റോഡ് ടാറിംഗ്- നിർവ്വഹണത്തിൽ ഗുരുതരമായ പിഴവുകൾ പ്രവൃത്തിയുടെ പേര് - പുളിമൂട് സ്വാമിനഗർ റോഡ് ടാറിംഗ്

കൺവീനർ - ശ്രീമതി ലിൻസി ഷിബു, പുന്തല വീട്, മീനം ,പട്ടാഴി

കരാർ- 16/AEE/ LSGD/14-15 ,തീ. 06-11-2014

ടി പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കാവശ്യമായ ബിറ്റുമിന്റെ അളവുകണക്കാക്കി സിഡ്കോയിൽ നിന്നും 28 ബാരൽ (28 x161.8=4530 കിലോ) ബിറ്റുമിൻ വാങ്ങി കരാറുകാരന് നൽകി. തുടർന്ന് കരാർവച്ച് ഒരു വർഷത്തിനു ശേഷം ബ്ലോക്ക് പഞ്ചായത്തിന്റെ 31-12-2015 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം എന്ന് രേഖപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും , ആദ്യ എസ്റ്റിമേറ്റിലുണ്ടായിരുന്ന 50 ഘ. മീ.

പോട്ട്ഹോൾ ഫില്ലിംഗ് 18.95 ഘ.മീ. ആയി പരിമിതപ്പെടുത്തുകയും , അധിക ഇനമായി 85 മീ. കോൺക്രീറ്റിംഗ് പ്രവൃത്തി ഉൾപ്പെടുത്തുകയും ചെയ്തു. പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് 3692 കിലോ ബിറ്റുമിൻ മാത്രമേ ആവശ്യമുള്ളൂ. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെക്കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.06-11-2014 ൽ കരാർ വയ്ക്കപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയിട്ടുള്ളത് 30-03-2016ലാണ്.

2.പ്രവൃത്തിക്കാവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ഗുണഭോക്തൃ സമിതി കൺവീനർക്ക് വാങ്ങി നല്കിയതിനുശേഷം എസ്റ്റിമേറ്റ് പരിഷ്കരിച്ചിരിക്കുന്നു.

3.കരാറിലേർപ്പെട്ട് ഒരു വർഷത്തിനു ശേഷമാണ് എസ്റ്റിമേറ്റ് പരിഷ്കരിച്ചിട്ടുള്ളത്.

4.പ്രവൃത്തിയ്ക്കാവശ്യമായതിലും കൂടുതലായി 838 കിലോ ബിറ്റുമിൻ വാങ്ങി നൽകി.

5.അന്തിമ ബിൽ പ്രകാരമുള്ള തനതുഫണ്ട് വിഹിതം 1,49,628/ രൂപ ഗുണഭോക്തൃ സമിതിക്ക് നാളിതുവരെ നല്കിയിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11 തീ 20-03-2017) മറുപടി ലഭിച്ചിട്ടില്ല.. നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകളാണ് കാണുന്നത്.2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹണം നടത്തിയിട്ടുള്ള പല പ്രവൃത്തികളും സാങ്കേതികാനുമതി നല്കിയ അസി എക്സി. എഞ്ചിനീയറുടെ തന്നെ നിർദ്ദേശ പ്രകാരം പരിഷ്കരിക്കുകയും, ഇതു മൂലം ആദ്യ എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്ന നീളത്തേക്കാൾ കുറഞ്ഞ അളവിൽ മാത്രം നിർവ്വഹണം നടത്തപ്പെടുകയും ചെയ്തിരിക്കുന്നു. പുളിമൂട് സ്വാമിനഗർ റോഡ് ടാറിംഗ് എന്ന മരാമത്ത് പ്രവൃത്തിയിലെ ഗുരുതരമായ പിഴവുകൾ സംബന്ധിച്ച് തുടരന്വേഷണം നടത്തേണ്ടതാണ് .കൂടാതെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കൃത്യമായ മോണിറ്ററിംഗും, പഞ്ചായത്ത് കമ്മറ്റിയുടെ സവിശേഷമായ ശ്രദ്ധയും ഉണ്ടാകേണ്ടതാണ്.

## 3-5 മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ആനുകൂല്യങ്ങൾ നൽകി.

സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം ലഭിയ്ക്കുന്നതിന് ഗുണഭോക്താവ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തവരും ലൈസൻസും ബാഡ്ജും ഉള്ളവരും ആയിരിക്കണമെന്ന് 16.11.2013ലെ ജി.ഒ.(പി)നം.362/13/തസ്വഭവ. ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പ്രസ്തുത മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ത്രീ വീലർ ലൈസൻസ് ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ എസ് സി യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നല്കൽ (102/15)എന്ന പ്രോജക്ടിനായി (പ്രത്യേക ഘടകപദ്ധതി) വികസനഫണ്ടിൽ നിന്നും ഒരാൾക്ക് 50,000/-രൂപ വീതം 5 ഗുണഭോക്താക്കൾക്കുള്ള ബാക്ക് എൻഡഡ് സബ്സിഡിയായി 250000/- രൂപ 28.3.15ലെ ബിൽ നം.1പ്രകാരം പിൻവലിച്ച് ബാങ്കിൽ ഒടുക്കുകയും ഗുണഭോക്താക്കൾ ഓട്ടോറിക്ഷ

വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും മുച്ചക്ര വാഹന ലൈസൻസും ബാഡ്ജും ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഡി ഡി നം./തീയതി | തുക |
|---|---|---|
| രാജേഷ്,നെടിയകാല തെക്കതിൽ,പട്ടാഴി | 154219/4.4.15 | 50000/- |
| ബാബു,കെ,ലക്ഷ്മി വിലാസം,പട്ടാഴി വടക്കേക്കര | 154131/4.4.15 | 50000/- |
| ഷൈൻരാജ്.എൻ,മഞ്ഞക്കാല.തലവൂർ | 154220/4.4.15 | 50000/- |
| സൂര്യദേവൻ.വി.ആർ,തലവൂർ | 154130/4.4.15 | 50000/- |
| അജയൻ.കെ,തേക്കുവിള വീട്,തലവൂർ | 154221/4.4.15 | 50000/- |

മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ചെലവഴിച്ച 250,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളിൽ നിന്നും എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും മുച്ചക്ര വാഹന ലൈസൻസും ബാഡ്ജും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം ക്രമരഹിതമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-6 മരുന്ന് ലഭ്യമാക്കിയില്ല- 102207/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (സിഎച്ച്സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 ൽ നടപ്പാക്കിയ പത്തനാപുരം സിഎച്ച്സിക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി (പ്രോജക്ട് നം. 66/15) തുക മുൻകൂറായി പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

റോഡിതര മെയിന്റനൻസ് ഗ്രാൻറിൽ നിന്നും 200000/- രൂപ ബിൽ നം.1/14-15/13.3.15 (ഡിഡി നം.151032/16.3.15) പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷന് നൽകിയെങ്കിലും 97793/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമാക്കിയിട്ടുള്ളത്. 102207/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്.ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 6/16.3.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 102207/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 എസ് സി വിദ്യാർത്ഥികൾക്ക് വാങ്ങിയ ഫർണിച്ചർ പൂർണമായും വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2015-16 ൽ നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.23/16) 100 മേശയും 100 കസേരയും സിഡ്കോയിൽ നിന്ന് വാങ്ങിയെങ്കിലും 70 വീതം മേശയും കസേരയും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 30 വീതം മേശയും കസേരയും വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഒരു എസ് സി വിദ്യാർത്ഥിക്ക് ഓരോ പഠന മേശയും കസേരയും വീതം 100 പേർക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 4000/-രൂപ വില വരുന്ന മേശയും കസേരയും സിഡ്കോയിൽ നിന്ന് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബിൽ നം .3/15-16 /23.3.16 പ്രകാരം 3ലക്ഷം രൂപയും ബിൽ നം 4/15-16/30.3.16 പ്രകാരം ഒരു ലക്ഷം രൂപയും എസ് സി പി ഫണ്ടിൽ നിന്ന് മാറി സിഡ്കോയ്ക്ക് നല്കി. എന്നാൽ 70 വിദ്യാർത്ഥികൾക്ക് മാത്രമാണ് ഫർണിച്ചർ നല്കിയിട്ടുള്ളത്. അവശേഷിക്കുന്ന 30 പേർക്ക് വിതരണം ചെയ്യാനുള്ള ഫർണിച്ചർ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 3/15.3.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പ്രസ്തുത 30 ഫർണിച്ചർ വിതരണം ചെയ്യാത്തതിനാൽ ആയതിന്റെ വിലയായ 120000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ഫർണിച്ചർ പൂർണമായും വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് ഒഴിവാക്കേണ്ടതാണ്.

## 3-8 പശുവളർത്തൽ -ഗ്രൂപ്പുകൾക്ക് -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

2015-16 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പശുവളർത്തൽ ഗ്രൂപ്പുകൾക്ക് എന്ന പ്രോജക്ടിൽ ഗ്രാമസഭാ അംഗീകാരമില്ലാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കിയിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പശുവളർത്തൽ -ഗ്രൂപ്പുകൾക്ക് (പ്രോജക്ട് നം .22/16 )

കുടുംബ വാർഷിക വരുമാനം 50000/-രൂപയിൽ കവിയാത്തതും നാമമാത്ര ചെറുകിട കർഷകരുമായ വനിതകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ പശുവിനെ വാങ്ങി നല്കുന്നതാണ് പ്രോജക്ട്. പശുവിന്റെ വിലയുടെ 50% പരമാവധി 15000/-രൂപയാണ് സബ്സിഡി നല്കുന്നത്. അഞ്ചുപേരടങ്ങുന്ന ഒരു ഗ്രൂപ്പിന് സബ്സിഡി തുകയായ 75000/- രൂപ വീതം ആനുകൂല്യം നല്കുന്നു.പദ്ധതിയുടെ ഗുണഭോക്താക്കളായി തലവൂർ ഗ്രാമപഞ്ചായത്തിലെ മാതാ, സങ്കീർത്തന, ഗ്രാമീണ എന്നീ ഗ്രൂപ്പുകളെയും പട്ടാഴി ഗ്രാമപഞ്ചായത്തിലെ ക്ഷീരധാര

എന്ന ഗ്രൂപ്പിനെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുക മാറിയിട്ടുണ്ട്.

ബിൽ നം .1121/15-16/20.3.16 പ്രകാരം 300000/-രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പഞ്ചായത്തുകളുടെ 2015-16 വർഷത്തെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ മേൽ ഗ്രൂപ്പുകൾ അതാത് ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. കൂടാതെ പശുവിനെ വാങ്ങുന്നതിനായി പർച്ചേസ് കമ്മിറ്റി കൂടിയതിന്റെ രേഖകൾ, വിലച്ചീട്ട് എന്നിവയും ഹാജരാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി 2/15.3.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ബ്ളോക്ക് പഞ്ചായത്ത് നല്കിയ ലിസ്റ്റ് അനുസരിച്ചാണ് നിർവഹണം നടത്തിയതെന്നും മറ്റ് രേഖകൾ ഹാജരാക്കുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കി. ഗ്രാമസഭ അംഗീകരിച്ച ലിസ്ററിൽ പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കിയത് പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമാണ്.പദ്ധതി നടത്തിപ്പിൽ ഗ്രാമസഭ ലിസ്ററിൽ ഉൾപ്പെടുന്നവർക്ക് തന്നെ ആനുകൂല്യം നല്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ ചെലവ് തുക 300000/-രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-9 താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല,27,939/ രൂപായുടെ നഷ്ടം

കേരള പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്)2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് നല്കേണ്ടതും, തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരൻ പരമാവധി 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഇതിനുശേഷം കരാർ തുകയുടെ 1% പിഴ ഈടാക്കികൊണ്ട് (കുറഞ്ഞത് 1000 രൂപാ പരമാവധി 25000 രൂപ) 10 ദിവസം കൂടി കരാറിൽ ഏർപ്പെടാൻ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെക്കൊടുത്തിട്ടുള്ളമരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻസ് നോട്ടീസ് അയച്ച് 14 ദിവസത്തിനു ശേഷം കരാറിലേർപ്പെട്ടിട്ടുള്ളവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടുന്ന 1% പിഴ ഈടാക്കിയിട്ടില്ല..ആയത് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറു കാരന്റെ പേര് | നോട്ടീസ് പ്രകാരം കരാറി ലേർപ്പെടേണ്ട അവസാന തീയതി | കരാറിലേർപ്പെട്ട തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണസ്വാമി ക്ഷേത്രം കറുവാകുന്നിൽ റോഡ് | ശ്രീ. ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 374550 | 3746 |
| 2 | മന്നംമെമ്മോറിയൽ നവോദയാ അംഗനവാടി റോഡ് കോൺക്രീറ്റിഗ് | ശ്രീ. ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 384543 | 3845 |
| 3 | പെറിങ്ങോട് പൈനാപ്പിൾ റോഡ് | ശ്രീ.ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 419500 | 4195 |
| 4 | വരിക്കോൽ മണ്ണാംകുഴി റോഡ് | ശ്രീ.ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 419501 | 4195 |
| 5 | അമ്മണംകോട് തോണിച്ചാൽപടി | ശ്രീ.ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 389537 | 3895 |
| 6 | പുതുവാശ്ശേരി പനംകുന്നം റോഡ് | ശ്രീ.ഒ. അബ്ദുൾ മജീദ് | 22-09-2015 | 29-09-2015 | 394531 | 3945 |
| 7 | താന്നിത്തടം കുമരംപാറ റോഡ് | ശ്രീ.എം. സുധീശൻ | 22-09-2015 | 03/10/15 | 411756 | 4118 |
| | | ആകെ | | | | 27,939 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 09, തീ 17-03-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃതം പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 27,939/ രൂപാ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ , കരാർ വയ്ക്കുന്നതിനു മുമ്പ് പിഴ ഈടാക്കാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-10 <u>കാലി ബാരൽ വില ഈടാക്കിയിട്ടില്ല **15,994/-**രൂപ ഈടാക്കണം</u>

ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ആവശ്യമായ ബിറ്റുമിൻ വാങ്ങിക്കൊടുത്തിരുന്നു. എന്നാൽ ടിപ്രവൃത്തികളിൽ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ബിറ്റുമിൻ | ഈടാക്കേണ്ടിയിരുന്ന ബാരൽ വില(@238 ബിൽ നമ്പർ | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|
| 1 | കാരമുക്ക് ചെമ്പിമുരിപ്പ് റോഡ് ടാറിംഗ് | 14 ബാരൽ | 3332 | 167 | 3499 |
| 2 | പുളിമൂട് സ്വാമി നഗർ റോഡ് ടാറിംഗ് | 28 ബാരൽ | 6664<br>ബിൽ നമ്പർ -64/15-16 ,30-03-2016 | 333 | 6997 |
| 3 | വാഴവേല അഞ്ചുമല റോഡ് ടാറിംഗ് | 14 ബാരൽ | 3332<br>ബിൽ നമ്പർ -4/15-16 ,20-07-2015 | 167 | 3499 |
| 4 | മുള്ളൂർ നിരപ്പ് വാഴപ്പാറ റോഡ് ടാറിംഗ് | 8 ബാരൽ | 1904 | 95 | 1999 |
| | ആകെ | 64 | 15232 | 762 | 15994 |

ടി വിഷയം സംബന്ധിച്ച് 18-03-2017 ൽ ഒൻപതാം നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അന്തിമ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 15994/- രൂപാ ഗുണഭോക്തൃ സമിതിയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-11 <u>ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല . ബിനാമി ഇടപാടുകൾക്ക് കൂട്ടുനില്ക്കുന്നു</u>

2014-15 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും 2015-16 സാമ്പത്തിക വർഷത്തിലെ ഏതാനും പ്രവൃത്തികളും ഗുണഭോക്തൃ സമിതി വഴിയാണ് നിർവ്വഹണംനടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് ( പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13 ഗുണ ഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

ഗുണ ഭോക്തൃ സമിതി ഒരു കടലാസ് സംഘടന മാത്രമായി തീരാതിരിക്കുവാനും, കൺവീനർ സ്വന്തം നിലയിൽ ഒരു കരാറുകാരനെപ്പോലെ പ്രവൃത്തിക്കാതിരിക്കുവാനും ഗുണഭോക്തൃ സമിതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എല്ലാവരും ചേർന്ന് പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതാണ്. ഇപ്രകാരംപലപ്രവൃത്തിയിലും കരാർ ഉണ്ടാക്കിയിട്ടില്ല.

1.മസ്റ്റർ റോൾ ക്രമ പ്രകാരം തയ്യാറാക്കിയിട്ടില്ല

2.വരവ്-ചെലവു കണക്കുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി ,വൗച്ചർ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

3.മിക്ക ഗുണ ഭോക്തൃ സമിതികളുടേയും പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.

4.ഫൈനൽ ബില്ല് ലഭിച്ചതിനു ശേഷം ഗുണ ഭോക്താക്കളുടെ യോഗം ചേർന്ന് വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മിറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം.

സുതാര്യമായും, ബിനാമി ഇടപാടുകൾക്ക് ഇടവരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടും ബിനാമി കരാർ തുടരുന്നു. ആയതിന് ആവശ്യമായ എല്ലാ സഹായവും ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും നല്കി വരുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. മരാമത്ത് പ്രവൃത്തികളിലെ ബിനാമി ഇടപാടുകൾ സംബന്ധിച്ച് തുടരന്വേഷണം ഉണ്ടാകേണ്ടതാണ്.

## 3-12 വാഴമല -അഞ്ചുമല റോഡ് മെറ്റലിംഗ് ടാറിംഗ്, ഉപയോഗിക്കാത്ത ബിറ്റുമിന്റെ വിലയായി ഗുണഭോക്തൃ സമിതി ക്ക് നല്കിയിട്ടുള്ള 3834/- രൂപനിരാകരിക്കുന്നു. പ്രവൃത്തിയുടെ പേര്- വാഴമല -അഞ്ചുമല റോഡ് മെറ്റലിംഗ് ടാറിംഗ്

ഗുണഭോക്തൃ സമിതി കൺവീനർ -ശ്രീ. കെ ഇ. ഉമ്മൻ, പുത്തൻവിള വീട്, കുന്നിട

കരാർനം, തീയതി-29/ AEE/LSGD/14-15/ 07-01-2015

അളവു പുസ്തകം-37 /14-15

ബിൽ തുക-406322/-രൂപ

ബിൽ നം./തീയതി-4 /15-16, 20-07-2015

ടി പ്രവൃത്തിക്കായി ഗുണഭോക്തൃ സമിതി കൺവീനർക്ക് 14 ബാരൽ ബിറ്റുമിൻ വാങ്ങി നല്കിയിട്ടുണ്ട്, (14x161.8=2265 Kg). ടി പ്രവൃത്തിയിൽ 810 ച, മീ WBM പ്രതലത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ബിറ്റുമിന്റെ അളവ് (810x29.1 കിലോ/10 ച.മീ.)2357 കിലോ ആണ്. 92 കിലോ (2357-2265) ബിറ്റുമിൻ കുറവായാണ് ഉപയോഗിച്ചിട്ടുള്ളത്.

ഉപയോഗിക്കാത്ത ബിറ്റുമിന് നല്കിയിട്ടുള്ള (എസ്റ്റിമേറ്റ് നിരക്ക് 41.67/കിലോ)92 x 41.67=3834/- രൂപ നിരാകരിക്കുന്നു. ടി തുക ഗുണഭോക്തൃ സമിതിയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ

പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 <u>വാഹനം റിപ്പയർ ചെയ്തതിന്റെ രേഖകൾ ഇല്ല-**16805/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

2014-15 വർഷത്തിലെ വൗച്ചർ നമ്പർ 53 പ്രകാരം 16805രൂപ പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനമായ KL 25C 5000 റിപ്പയർ ചെയ്തതിന് കൈരളി ഫോർഡിന് ഡി.ഡി ആയി നൽകിയിട്ടുള്ളതായി നടപടിക്രമത്തിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി നമ്പരും 06.01.2015ലെ കൈരളി ഫോർഡിന്റെ പ്രി ഇൻവോയിസും ഓഡിറ്റ് എൻക്വയറി- 8 (18.03.2017)ലൂടെ ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ഇൻഷ്വറൻസ് ഓഫീസിൽ നിന്നുള്ള നിർദേശപ്രകാരമാണ് തുക നൽകിയതെന്നും നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് ഓഫീസിൽ നിന്നും തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമായില്ല. ആയതിനാൽ 16805/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇൻഷ്വറൻസ് ഓഫീസിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 <u>ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ വിതരണം- പദ്ധതിയിൽ അപാകത</u>

സി. ഡി. പി. ഒ. പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് നം. S0112/16 – ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ വിതരണം എന്ന പദ്ധതി പ്രകാരം ശാരീരിക വൈകല്യമുള്ള 26 പേർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ വിതരണം നടത്തിയിരുന്നു. പ്രധാനപ്പെട്ട രേഖകളായ വാഹനത്തിന്റ് ആർ. സി ബുക്ക്, ഇൻഷ്വറസിന്റെ പകർപ്പുകൾ എന്നിവ കാണാത്തതിനാൽ പ്രാദേശിക പരിശോധന നടത്താനും മേൽ സൂചിപ്പിച്ച രേഖകൾ പരിശോധിക്കാനും പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഹാജരാകാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നു (നം. 4/16.3.2017) .ആയത് പ്രകാരം 17 ഗുണഭോക്താകൾ സൈഡ് വീലോട്കൂടിയ സ്കൂട്ടറും അനുബന്ധ രേഖകളുമായി ഹാജരായി. പരിശോധനയ്ക്ക് ഹാജരാകാത്തവരുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | മേൽ വിലാസം |
|---|---|---|
| 1 | അജി കുമാർ | കണ്ടത്തിൽ വീട്, കരവൂർ പി ഒ.,പിറവന്തൂർ |
| 2 | ശാലു എസ് | ഷാജിവിലാസം, എലിക്കാട്ടൂർ,പിറവന്തൂർ |

| | | |
|---|---|---|
| 3 | ആശ എസ് | ആശ ഭവനം, മഞ്ചല്ലൂർ, പത്തനാപുരം |
| 4 | രാജേശ് ആർ | നെടുംകുളത്ത് , കിഴക്കേക്കര, പട്ടാഴി വടക്കേക്കര |
| 5 | സിന്ധു കുമാരി | ബിന്ദു ഭവനം , താഴത്ത്, പട്ടാഴി വടക്കേക്കര |
| 6 | ജാഫർ ഖാൻ | നെടുംപ്പുറത്ത്, കന്നിമൽ, പട്ടാഴി പി ഒ |
| 7 | മോളമ്മ .കെ | ജിനി മന്ദിരം, പാണ്ടിത്തിട്ട, അംബലത്തിനിറപ്പ് പി ഒ, തലവൂർ |
| 8 | രതീഷ് | ലക്ഷം വീട് ,രണ്ടാലുമൂട്ട്,തലവൂർ |
| 9 | ഷെരിഫ്.എ (സ്കൂട്ടർ വിതരണം നടത്തിയ അതേ ദിവസം തന്നെ അപകടത്തിൽ മരണമടഞ്ഞു.) | ചരുവിള വീട്,കരിയറ,വിളക്കുടി |

പ്രദേശിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1) ഭൂരിഭാഗം വ്യക്തികളും ഇൻവാലിഡ് കാര്യേജ് ലൈസൻസ്(Invalid Carriage Licence) എടുത്തിട്ടില്ല.

2) വാഹനത്തിന്റെ ഇൻഷ്വറൻസിന്റെ കാലവധി കഴിഞ്ഞിട്ടും ഇൻഷ്വറൻസ് പുതുക്കിയിട്ടില്ല.

പ്രദേശിക പരിശോധനയ്ക്ക് ഹാജരാകാതിരുന്ന 8 പേരുടെ വാഹനവും, അനുബന്ധ രേഖകളും നിർവഹണോദ്യോഗസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയതിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.സൈഡ് വീലോട്കൂടിയ സ്കൂട്ടർ ലഭിച്ച എല്ലാഗുണഭോക്താക്കളും ഇൻവാലിഡ് കാര്യേജ് ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 സംയുക്ത പ്രോജക്ട്- നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല

സി ഡി പി ഒ നിർവഹണോദ്യോഗസ്ഥയായി നിർവഹണം നടത്തിയ പ്രോജക്ട് നം. SO117/16- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിന് -പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള

മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ തുക മുൻകൂറായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയതായോ തുക വിനിയോഗിച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

ബിൽ നം. 2/15-16 /22-3-16 പ്രകാരം 412500/- രൂപ പഞ്ചായത്ത് വിഹിതമായി മാറിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | ഡി ഡി നം. തീയതി | തുക |
|---|---|---|
| പിറവന്തൂർ | 833187/22-3-16 | 75000/- |
| പത്തനാപുരം | 833188/22-3-16 | 100000/- |
| പട്ടാഴി വടക്കേക്കര | 833189/22-3-16 | 25000/- |
| തലവൂർ | 833190/22-3-16 | 150000/- |
| വിളക്കുടി | 833191/22-3-16 | 62500/- |
| | ആകെ | 412500/- |

സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന എൽ.എസ്.ജി.കളിൽ ഒന്നിനെ തുക വകയിരുത്തലിന്റെയോ നിർവഹണപ്രദേശത്തിന്റെയോ അടിസ്ഥാനത്തിൽ ലീഡ് പാർട്ണറായി നിശ്ചയിക്കണമെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലീഡ് പാർട്ണർ ബിൽ തയ്യാറാക്കി ഇതര പാർട്ണർ എൽ.എസ്.ജികൾക്ക് നൽകണമെന്നും പാർട്ണർ എൽ.എസ്.ജികൾ ഡിപിസി അംഗീകരിച്ചുള്ള തുകയ്ക്കുള്ള ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക ലഭ്യമാകേണ്ടവരുടെ അക്കൗണ്ടിലേയ്ക്ക്നൽകണമെന്നും 19.05.15ലെജി (പി.) നം.187/15ഫിൻ. നം. ഉത്തരവിൽവ്യക്തമാക്കിയിക്കെ ആയത് പരിഗണിയ്ക്കാതെ പഞ്ചായത്ത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിന് പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലുള്ള 412500/- രൂപ തനതുഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ചു.

ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ പദ്ധതി മാർഗരേഖകൾ പാലിച്ച് നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ചെലവുരേഖകൾ ഇല്ല- 1,384/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2014-15 വർഷത്തിലെ വൗച്ചർ നമ്പർ 20(ചെക്ക് നമ്പർ 2638901-88716 രൂപ) പ്രകാരം 15000/-രൂപ വാട്ടർപമ്പ് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ഹാജരാക്കിയിരിക്കുന്ന ചെലവുരേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Kirlosker 1.5H.P Jet | 11750 |

| | |
|---|---|
| Labour charge | 1500 |
| Others | 366 |

ആകെ 13616

ശേഷിക്കുന്ന 1384/-രൂപയുടെ ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 8(18.03.2017)ലൂടെ ആവശ്യപ്പെട്ടുവെങ്കിലും ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1384/-+രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 <u>നിർവഹണ ഉദ്യോഗസ്ഥയുടെ പേരിൽ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു.</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയതു മുതൽ ബാങ്കിംഗ് ട്രഷറിയിലൂടെ ബിൽ മാറുന്ന പഞ്ചായത്തുകളിൽ നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് ജിഒ(പി) 516/2004/ധന തീയതി, 3.11.2004 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പത്തനാപുരം ബ്ളോക്ക് പഞ്ചായത്തിന്റെ ബിൽ മാറുന്നത് ബാങ്കിംഗ് ട്രഷറി ആയ പത്തനാപുരം സബ്ട്രഷറിയിലാണ്. എന്നാൽ പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥയായ കൃഷി അസി.ഡയറക്ടറുടെ പേരിൽ ഇപ്പോഴും പ്ളാൻ ഫണ്ടിനായി ഇന്ത്യൻ ബാങ്കിന്റെ കല്ലുംകടവ് ശാഖയിൽ (Ac no.767303117) പ്രത്യേകം ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. 30.5.2013 വരെ 5418/- രൂപ ക്യാഷ് ബാലൻസുണ്ട് .ടി അക്കൗണ്ട് അവസാനിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 <u>ലാപ് ടോപ്പ് കൈമാറി നൽകിയില്ല -97597/-രൂപ തടസ്സപ്പെടുത്തുന്നു.</u>

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ കൈപ്പറ്റിയ ലാപ് ടോപ്പ് സ്ഥാനമാറ്റത്തെത്തുടർന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ കൈപ്പറ്റിയ ലാപ് ടോപ്പ് സ്ഥലംമാറ്റത്തെത്തുടർന്നും തിരികെ നൽകണമെന്നിരിയ്ക്കെ ആയവ നാളിതുവരെ കൈമാറി നൽകിയിട്ടില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി 2014-15 ൽ നടപ്പിലാക്കിയ ലാപ് ടോപ്പ് പ്രസിഡണ്ടിനും സെക്രട്ടറിയ്ക്കും എന്ന പ്രോജക്ടിനായി (നം.5/15)22.09.14ലെ ബിൽ നം.3പ്രകാരം 97597/- രൂപ പിൻവലിച്ച് രണ്ട് ലാപ് ടോപ്പുകൾ,യു.എസ്.ബി. നെറ്റ് സെറ്ററുകൾ എന്നിവ വാങ്ങുകയും ആയവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രസിഡണ്ടിനും സെക്രട്ടറിയ്ക്കും നൽകുകയും ചെയ്തിട്ടുണ്ട് .എന്നാൽ സ്ഥാനമാറ്റത്തെത്തുടർന്നും സ്ഥലംമാറ്റത്തെത്തുടർന്നും പ്രസ്തുത ലാപ് ടോപ്പുകൾ കൈമാറി നൽകിയിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/20.03.17ന് നിലവിലെ പ്രസിഡണ്ടിന് ലാപ് ടോപ്പ് നൽകിയിട്ടുണ്ടെന്നും ആയതിന്

രേഖാ മൂലമുള്ള രസീത് ഹാജരാക്കുന്നതാണെന്നും മുമ്പുണ്ടായിരുന്ന സെക്രട്ടറിയുടെ കൈവശമുള്ള ലാപ് ടോപ്പിന് കേടു വന്നിട്ടുണ്ടെന്നും ആയത് നന്നാക്കി പുതിയ സെക്രട്ടറിയ്ക്ക് കൈമാറുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

വാറണ്ടി കാലയളവ് വ്യക്തമാക്കുന്ന രേഖകളുടെ അഭാവത്തിൽ ലാപ് ടോപ്പ് സ്വന്തം ചുമതലയിൽ കൈമാറി നന്നാക്കി തിരികെ നൽകുമെന്ന മുൻ സെക്രട്ടറിയുടെ മറുപടിയുടെ സാധുത പരിശോധിയ്ക്കുവാൻ കഴിയുന്നില്ല. സെക്രട്ടറി ലാപ് ടോപ്പും നെറ്റ് സെറ്റും തിരികെ നൽകിയിട്ടില്ലാത്തതിനാലും മുൻ പ്രസിഡണ്ട് ലാപ് ടോപ്പ് തിരികെ നൽകിയതായി വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാലും ലാപ് ടോപ്പുകൾക്കും നെറ്റ് സെറ്റുകൾക്കുമായി ചെലവഴിച്ച 97597/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ലാപ് ടോപ്പും നെറ്റ് സെറ്റും തിരികെ വാങ്ങി നിലവിലെ പ്രസിഡണ്ടിനും സെക്രട്ടറിയ്ക്കും നൽകി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-19 കൈമാറി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ഇല്ല, വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നിർവഹണം നടത്തിയ സംയുക്ത പ്രോജക്ടുകൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിനൽകിയ തുകകളുടെ വിനിയോഗവിവരങ്ങളില്ല. വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | തുക | ബിൽ നമ്പർ തീയതി | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 20/15, പൂക്കത്തിമല സബ്സെന്റർ റോഡ് | 400000 | 5/14-15 13.11.15 | തുക പട്ടാഴി ഗ്രാമപഞ്ചായത്തിന് കൈമാറി വിനിയോഗ വിവരങ്ങളില്ല |
| 2 | 6/15 , ബയോഗ്യാസ് പ്ലാന്റിന് പത്തനാപുരം ഗ്രാമപഞ്ചായത്തിന് വിഹിതം | 400000 | 17/14-15 20.03.15 | വിനിയോഗ വിവരങ്ങളില്ല |
| 3 | 7/15,ബ്ലോക്ക് | 44300 | 14/14-15 | ഉപകരണങ്ങൾ |

| | | | | |
|---|---|---|---|---|
| | പഞ്ചായത്തിൽ വാട്ടർപ്യൂരിഫയർ സ്ഥാപിക്കൽ | | 13.03.15 | സ്റ്റോക്കിൽ എടുത്തിട്ടില്ല |
| 4 | 12/15,വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ | 72080 | 20/14-15 30.03.15 | 48280രൂപ ചെലവഴിച്ച് വാങ്ങിയ 100പ്ലാസ്റ്റിക്ക് കസേരകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല |

ആകെ -916380/-

മേൽസൂചന അപാകതയിൽ വിശദീകരണം തേടിനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗവിവരങ്ങളും ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങളുടേയും സ്റ്റോക്ക് വിവരങ്ങളുടേയും അഭാവത്തിൽ വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച 916380/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 <u>ചെറുകിട വ്യവസായ സംരംഭങ്ങൾ - ലക്ഷങ്ങളുടെ പദ്ധതികൾ കടലാസിലൊതുങ്ങി</u>

വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ ചുമതലപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2014-15, 2015-16 വർഷങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് ഡി.പി.സി. അംഗീകാരം നേടിയെങ്കിലും ഒരു പദ്ധതിയും നടപ്പിലാക്കിയില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2014-15, 2015-16 വർഷങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ /പേര് | വകയിരുത്തലുകൾ |
|---|---|---|
| 2014-15 | 70/15 കുടുംബശ്രീ വനിതാ ഗ്രൂപ്പുകളുടെ പേപ്പർ ക്യാരിബാഗ് യൂണിറ്റുകൾക്ക് ധനസഹായം | 12 ലക്ഷം |
| | 73/15 കുടുംബശ്രീ വനിതാ ഗ്രൂപ്പുകളുടെ പപ്പടം നിർമ്മാണ | 4 ലക്ഷം |

| | | |
|---|---|---|
| | യൂണിറ്റുകൾക്ക് ധനസഹായം | |
| 2015-16 | 99/16 കുടുംബശ്രീ വനിതാഗ്രൂപ്പുകളുടെ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ | 6 ലക്ഷം |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് ഗ്രാമസഭാ അംഗീകാരത്തോടുകൂടിയ ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്തതുകൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2014-15, 2015-16 വർഷങ്ങളിൽ നടപ്പിലാക്കിയ സംരംഭകത്വ പരിശീലനങ്ങളുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

18.09.1995 ലെ ജി.ഒ. (പി) നമ്പർ 189/95/തസ്വഭവ ഉത്തരവ് പ്രകാരം വ്യവസായ വികസന വകുപ്പിൽ നിന്ന് ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുകയും സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ചെറുകിട വ്യവസായികളെ സഹായിക്കുക എന്നത് വ്യവസായ വികസന ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും വാർഡു തലത്തിൽ സാദ്ധ്യതയുള്ള പദ്ധതികൾ ഗ്രാമസഭകളിൽ വിലയിരുത്തണമെന്നും ആയത് വ്യവസായ വികസന ഓഫീസറുമായി ചർച്ച ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കണമെന്നും വ്യവസായ വാണിജ്യ വകുപ്പിന്റെ അധികാര പരിധിയിലുള്ള പദ്ധതികളുടെ നടത്തിപ്പിലുള്ള അധികാരങ്ങളും ഉത്തരവാദിത്തങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള 28.11.1996 ലെ സ.ഉ.(പി) 182/96/വ്യവ. ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ മുൻഗണന നൽകിയിരുന്ന സ്ഥായിയായ തൊഴിൽ എന്ന ഘടകം ലക്ഷ്യമാക്കി വ്യവസായ മേഖലയിൽ ആവിഷ്കരിച്ച് ആസൂത്രണ സമിതി അംഗീകാരം നേടിയ പദ്ധതികൾ വ്യവസായ വികസന ഓഫീസർ മുഖേന നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുവാനുതകും വിധത്തിൽ പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുവാനും വിട്ടു കിട്ടിയ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരേയും പ്രയോജനപ്പെടുത്തി നിർവ്വഹണം നടത്തുവാനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 ഐ.എ.വൈ. ഭവന പദ്ധതി - അക്കൗണ്ടിൽ കോടികൾ ശേഷിക്കുന്നു. നിർമ്മാണമാരംഭിച്ച് വർഷങ്ങൾക്കു ശേഷവും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നില്ല.

ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായി മുൻകൂറു പിൻവലിച്ച കോടിക്കണക്കിന് രൂപ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വർഷങ്ങൾക്ക് മുമ്പ് നിർമ്മാണമാരംഭിച്ച ഭവനങ്ങളിൽ പലതും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ ആധാരമാക്കി തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും പ്രസ്തുത ഗുണഭോക്താക്കളിൽ പലരും

ഒന്നാം ഗഡുപോലും കൈപ്പറ്റിയിട്ടില്ല.

ഐ.എ.വൈ. ഭവനപദ്ധതിയ്ക്കായി സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 2014-15 ൽ 1,91,34,000/- രൂപയും 2015-16 ൽ 1,67,07,774/- രൂപയും മുൻകൂറായി പിൻവലിച്ച് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ പത്തനാപുരം ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

2014-15

| ക്രമ നം. | പ്രോജക്റ്റ് നമ്പർ / പേര് | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | 3/15 ഐ.എ.വൈ. ഭവനനിർമ്മാണം (എസ്.സി.പി.) | 1/22.09.2014 | 2,76,000 |
| | | 12/28.02.2015 | 28,80,000 |
| | | 15/20.03.2015 | 41,76,000 |
| 2 | 1/15 ഐ.എ.വൈ. ഭവനനിർമ്മാണം (ജനറൽ ) | 2/22.09.2014 | 26,52,000 |
| | | 13/28.02.2015 | 48,00,000 |
| | | 24/30.03.2015 | 22,72,000 |
| 3 | 92/15 ഐ.എ.വൈ. അധികവിഹിതം | 23/30.03.2015 | 4,09,000 |
| | | 25/30.03.2015 | 13,09,000 |
| 4 | 9/15 ഐ.എ.വൈ. ഭവനനിർമ്മാണം (ടി.എസ്.പി. ) | 18/25.03.2015 | 1,89,000 |
| | | 19/25.03.2015 | 1,71,000 |
| | ആകെ | | 1,91,34,000 |

2015-16

| ക്രമ നം. | പ്രോജക്റ്റ് നമ്പർ / പേര് | ബിൽ നം./തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 13/16<br>ഐ.എ.വൈ.<br>ഭവനനിർമ്മാണം | 9/21.12.2015 | 30,00,000 |
| | | 10/25.01.2016 | 15,40,000 |
| | | 17/11.03.2016 | 33,64,000 |
| 2 | 115/16<br>ഐ.എ.വൈ.<br>അധികവിഹിതം<br>2011-12 | 11/25.01.2016 | 13,25,819 |
| 3 | 11/16<br>ഐ.എ.വൈ.<br>അധികവിഹിതം | 12/25.01.2016 | 15,08,000 |
| 4 | 14/16<br>ഐ.എ.വൈ.<br>ഭവനനിർമ്മാണം<br>(എസ്.സി.പി. ) | 16/11.03.2016 | 48,00,000 |
| 5 | 130/16<br>ഐ.എ.വൈ.<br>ഭവന പദ്ധതി | 33/31.03.2016 | 50,000 |
| 6 | 15/16<br>ഐ.എ.വൈ.<br>ഭവനനിർമ്മാണം<br>(ടി.എസ്.പി.) | 34/31.03.2016 | 64,000 |
| 7 | 132/16<br>ഐ.എ.വൈ. ഭവനപദ്ധതി | 35/31.03.2016 | 1,30,965 |
| 8 | 131/16<br>ഐ.എ.വൈ. ഭവന<br>പദ്ധതി | 36/31.03.2016 | 9,24,000 |

| | | | |
|---|---|---|---|
| | | | |
| ആകെ | | | **16706784** |

അക്കൗണ്ടിൽ അധികമായി ശേഷിക്കുന്ന തുകയുടേയും പൂർത്തിയാകാത്ത വീടുകളുടേയും വിശദവിവരങ്ങൾ തേടി നൽകിയ ഓഡറ്റ് എൻക്വയറി നമ്പർ 13 ന് 2011-12 മുതലുള്ള ഗുണഭോക്താക്കൾക്ക് നൽകാനുള്ള അധിക വിഹിതം ഉൾപ്പെടെയുള്ള തുകയാണ് അക്കൗണ്ടിൽ ശേഷിക്കുന്നതെന്നും ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചു വരുന്ന മുറയ്ക്ക് തുക നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂറായി തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പല ഗുണഭോക്താക്കളും ആദ്യ ഗഡു പോലും കൈപ്പറ്റിയിട്ടില്ല എന്നും ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കളിൽ പലരും ആദ്യഘട്ടങ്ങൾക്കുശേഷം പണി തുടരാതിരിക്കുന്നതായും രജിസ്റ്ററുകളുടേയും ഫയലുകളുടേയും പരിശോധനയിൽ വ്യക്തമാകുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 2014-15 ലെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

*തുക കൈപ്പറ്റിയിട്ടില്ലാത്തവർ*

| | | |
|---|---|---|
| 1 | ശുഭ, പ്ലാത്തുണ്ടിൽ വീട്, കരവൂർ.പി.ഒ. മൈകമിൻ | 200000 |
| 2 | ശോശ, തെങ്ങുവിള പടിഞ്ഞാറ്റേതിൽ വീട്, വാഴങ്ങോട്, പുന്നല | 200000 |
| 3 | സരസ്വതി, പാറക്കോട്ടുമല, വടക്കേക്കര, പുന്നല.പി.ഒ. | 200000 |
| 4 | സുശീല, ആദർശ്ഭവൻ, പ്ലോട്ട് നമ്പർ 9 ബി, കടക്കമൺ, പത്തനാപുരം | 200000 |
| 5 | അനില, രഞ്ജിത് ഭവൻ, ബട്ടിത്തിട്ട.പി.ഒ., വൻമള | 200000 |
| 6 | രമണി, ചാരുവിള വീട്, പിറവന്തൂർ | 200000 |
| 7 | വിജയശ്രീ, പിറവന്തൂർ | 200000 |
| 8 | പ്രകാശ്, ചാരുവിള വീട്, പെരുപണ്ടാര, എലിക്കാട്ടൂർ.പി.ഒ. | 200000 |
| 9 | ചിന്നമ്മ, തെങ്ങുംതറയിൽ വീട്, അലിമുക്ക് | 200000 |

*പൂർത്തിയാകാത്ത ഭവനങ്ങൾ*

| ക്രമ | പേര് | തുക | ഡി.ഡി.നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 1 | വത്സല.കെ. തക്കായിവിള വീട്, ചെമ്പനരുവി, പിറവന്തൂർ | 30000<br>50000 | 139297/25.08.2014<br>147464/30.4.15 |
| 2 | ശോഭ, മലയിൽപറമ്പിൽ വീട്, കമുകുംചേരി | 30000 | 139306/25.10.2014 |
| | | 50000 | 139315/01.12.2014 |
| 3 | രത്നമ്മ, പുത്തൻവീട്, പൂങ്കുളഞ്ഞി, കടശേരി | 30000 | 008272/30.03.2015 |
| | | 50000 | 008424/30.04.2016 |
| 4 | പ്രിൻസ്/മഞ്ജു, കെ പി.ഭവൻ, കമുകുംചേരി | 30000 | 139315/01.12.2014 |
| | | 50000 | 008268/20.03.2015 |
| | | 60000 | 8425/17.05.2016 |
| 5 | സുന്ദരവല്ലി,റാണി ഭവൻ, പിറവന്തൂർ | 30000 | 13915/01.12.2014 |
| | | 48000 | 008294/17.8.2015 |
| 6 | പ്രീതാകുമാരി, മാധവവിലാസം | 30000 | 008272/30.03.2015 |
| | | 40000 | 008282/28.05.2015 |
| 7 | സുൽഫി,നയിൻകരിമ്പിൽ, പുത്തൻവീട്, പിറവന്തൂർ | 30000 | 139313/21.11.2014 |
| | | 50000 | 139315/01.12.2014 |
| 8 | ഷീന,കണ്ടംകുളത്ത് തെക്കതിൽ | 30000 | 008258/09.02.2015 |
| | | 50000 | 008272/30.03.2015 |
| | | 50000 | 8418/24.02.2016 |

ഐ.എ.വൈ. ഭവനപദ്ധതിയിലേയ്ക്കുള്ള തുക നിക്ഷേപിക്കുന്നതിന് നിലവിലുള്ള കാനറാബാങ്കിന്റെ പിടവൂർ ശാഖയിലെ അക്കൗണ്ടിൽ 28.02.2017 ലെ നീക്കിയിരിപ്പ്

5,78,94,219/- രൂപയാണ്. തുക മുൻകൂറായി പിൻവലിച്ച് നിക്ഷേപിച്ചുവെങ്കിലും പൂർത്തീകരിക്കപ്പെടാത്ത ഭവനങ്ങളുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം. 13 ലൂടെ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. നിർമ്മാണമാരംഭിച്ച വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു ഗഡു പോലും കൈപ്പറ്റിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പേരിൽ മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ച തുക സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 119718695 | 188181372 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112618602 | 141295980 |
| വരവിനങ്ങളിലുള്ള നഷ്ടം | | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5498/ | 230856 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,84,373/ | 820000/ |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

*2014-15*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 5498 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |

*2015-16*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 161351 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |
| 3-2 | | 27236 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |
| 3-9 | | 27939 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |
| 3-10 | | 10496 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |
| 3-12 | | 3834 | ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ |

ആകെ – 230856/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-15

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 250000 | ശ്രീ. വി .സജീവ്, പട്ടികജാതി വികസന ഓഫീസർ |
| 3-6 | 102207 | ഡോ. കെ. എസ് വൃന്ദ,മെഡിക്കൽ ഓഫീസർ സി എച്ച് സി പത്തനാപുരം |
| 3-13 | 16805 | ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ |
| 3-16 | 1384 | ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ |
| 3-18 | 97597 | ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ |
| 3-19 | 516380 | ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ |

2015-16

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 120000 | ശ്രീ. വി .സജീവ്, പട്ടികജാതി വികസന ഓഫീസർ |
| 3-8 | 300000 | ഡോ. ഉമ്മൻ വി രാജ്, വെറ്റിനറി സർജൻ |
| 3-19 | 400000 | ശ്രീമതി. സൗമ്യാ ഗോപാലകൃഷ്ണൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു വിശ്വം, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | വിശ്വ വിഹാർ, ഞാറയ്ക്കൽ പിഒ, അഞ്ചാലുംമൂട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(14)/14 തീയതി, 10-7-2014 |
| 1998-1999 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(13/14 തീയതി, 10-7-2014 |
| 1999-2000 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(12)/14 തീയതി,10-7-2014 |
| 2000-2001 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(11)/14 തീയതി,10-7-2014 |
| 2001-2002 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(10)/14 തീയതി,10-7-2014 |
| 2002-2003 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(9)/14 തീയതി,10-7-2014 |
| 2003-2004 | എൽ.എഫ്.ക്യൂ-ഡി.ബി-1549(8)/14 തീയതി,10-7-2014 |
| 2004-2005 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(7)/14 തീയതി,10-7-2014 |
| 2005-2006 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(6)/14 തീയതി,10-7-2014 |
| 2006-2007 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(5)/14 തീയതി,10-7-2014 |
| 2007-2008 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(4)/14 തീയതി,10-7-2014 |
| 2008-2009 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(3)/14 തീയതി,10-7-2014 |

| | |
|---|---|
| 2009-2010 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(2)/14 തീയതി,10-7-2014 |
| 2010-2011 | എൽ.എഫ്.ക്യൂ-ഡി.ബി- 1549(1)/14 തീയതി,10-7-2014 |
| 2011-2012 | എൽ.എഫ്.ക്യൂ-ഡി.ബി- 814/13തീയതി,14-2-2014 |
| 2012-2013<br>2013-2014 | എൽ.എഫ്.ക്യൂ-ഡി.ബി- 2243/14 തീയതി 23-5-15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം 2014-15

നം.കെ.എസ്.എ.കെ.എൽ.എം.ഡിബി-683/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 11/05/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

**4-11** ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.ഡിബി-683/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 11/05/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം